GOVT. VOCATIONAL HIGHER SECONDARY SCHOOL
THAMARASSERY

# d2

## Little Kites Open



DIGITAL MAGAZIN 2020

# ലിറ്റിൽ കൈറ്റ്സ്

## ജി.വി.എച്ച്.എസ്.എസ് താമരശ്ശേരി

# d2

# ഡിജിറ്റൽ മാഗസിൻ 2020

# എഡിറ്റോറിയൽ



സാങ്കേതിക വിദ്യയുടെ ആധുനിക കാലത്ത് വിദ്യാഭ്യാസ രംഗവും പുത്തനുണർവ്വിലേക്ക് കുതിക്കുകയാണ്.പുതിയ ചുവടുകൾക്കൊപ്പം കുതിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുകയാണ് ലിറ്റിൽ കൈറ്റ്സ്.

അറിവ് നേടുന്നതോടൊപ്പം തന്നെ പകർന്നു നൽകാനുമുള്ള പരിശീലനമാണ് കൈറ്റ്സ് മാഗസിൻ മുന്നോട്ടു വെയ്ക്കുന്നത്. സാധാരണ മാഗസിൻ പ്രവർത്തനങ്ങളൊക്കെ ആവശ്യമുണ്ടെങ്കിലും ഡിജിറ്റൽ മാഗസിൻ മാറിവരുന്ന കാലത്തിന്റെ മുഖമുദ്രയാണ്. പരിസ്ഥിതി സൗഹൃദ പത്ര പ്രവർത്തനത്തിന്റെ കാലത്ത് ഈ സംരംഭം വിലയേറിയതാണ്.

**ഗ്രാഫിക്സ് &ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ് & ഇന്റർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്, പൈത്തൺ & ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, ഹാർഡ് വെയർ** തുടങ്ങിയ കൈറ്റ്സ് പരിശീലനങ്ങൾക്കൊപ്പം ഒരു മാഗസിൻ തയ്യാറാക്കാനുള്ള പരിശീലനവുമാണ് വിദ്യാർത്ഥികൾക്കു ലഭിക്കുന്നത്. വിഭവ സമാഹരണം, എഡിറ്റിംഗ്, ലേ ഔട്ട്, ടൈപ്പിംഗ് എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലൂടെ വിദ്യാർത്ഥികൾ കടന്നു പോവുന്നു.

**പോരായ്മകളുണ്ടാവാം. ചെറിയ ചെറിയ ചുവടുകളാണ് ഭാവിയിലെ വലിയ മുന്നേറ്റത്തിന് പ്രചോദനമാകുന്നതെന്ന തിരിച്ചറിവിലാണ് ഇത് അണിയിച്ചൊരുക്കുന്നത്.**

**ചീഫ് എഡിറ്റർ**

# എഡിറ്റോറിയൽ ബോർഡ്



മനോജ് കുമാർ വി
ഹെഡ്മാസ്റ്റർ



അബ്ദുൽ മജീദ് കെ വി
ചീഫ് എഡിറ്റർ



ശോഭന സി പി
സ്റ്റാഫ് എഡിറ്റർ



മുഹമ്മദ് ബാസിൽ
സ്റ്റുഡൻറ് എഡിറ്റർ




ഫിസ ഫൈസൽ
സ്റ്റുഡൻറ് എഡിറ്റർ



സജില
സ്റ്റാഫ് എഡിറ്റർ



നിദ സൈനബ്
സ്റ്റുഡൻറ് എഡിറ്റർ



മുഹമ്മദ് ഷമീം
സ്റ്റുഡൻറ് എഡിറ്റർ



ലുബാബ തസ്ലിയ
സ്റ്റുഡൻറ് എഡിറ്റർ

# ലിറ്റിൽ കൈറ്റ് അംഗങ്ങൾ 2019-21

| Little Kite Members 2019-21 GVHSS Thamarassery | | | | | |
|---|---|---|---|---|---|
| Sl No | Admission. NO | Name | CLASS &DVN | Date of birth | Mob No. |
| 1 | 23821 | AYANA P | 9F | 17/05/2005 | 9947157902 |
| 2 | 23829 | FATHIMA SANA A V | 9B | 27/10/2005 | 9539430946 |
| 3 | 23864 | ARCHANA N K | 9D | 24/03/2006 | 8086910106 |
| 4 | 23880 | FATHIMA HANNA | 9A | 03/09/2005 | 9745360291 |
| 5 | 23887 | ATHUL AP | 9F | 20/05/2006 | 8086359571 |
| 6 | 23904 | MUHAMMED SHAMEEM H S | 9A | 15/03/2004 | 9747717107 |
| 7 | 23907 | NIDHA FASLY | 9B | 19/12/2005 | 9995723617 |
| 8 | 23922 | SAMEEA KK | 9B | 21/01/2006 | 9539630492 |
| 9 | 23925 | FAYIS KP | 9D | 17/11/2004 | 9995612860 |
| 10 | 23939 | HARIJITH K K | 9D | 09/10/2005 | 9745135808 |
| 11 | 23996 | NEERAJ RAJESH.P | 9D | 24/12/2005 | 9544584716 |
| 12 | 24036 | SINASH | 9C | 12/11/2005 | 7034771419 |
| 13 | 24046 | FATHIMA DILNA P M | 9B | 18/12/2005 | 9447432758 |
| 14 | 24047 | NAJA FATHIMA | 9A | 01/04/2005 | 9745858121 |
| 15 | 24219 | NIHALA FATHIMA | 9B | 28/04/2005 | 9605888476 |
| 16 | 24501 | PARVATHI BABU C K | 9A | 26/12/2005 | 9497386098 |
| 17 | 24735 | DEVIKA P | 9D | 24/03/2005 | 8943705272 |
| 18 | 24772 | HANEENA HARIS | 9B | 24/10/2004 | 9847622429 |
| 19 | 24776 | FATHIMA SHIFANA.A.K | 9B | 24/11/2004 | 9562597488 |
| 20 | 24777 | DIYA DINESH K K | 9B | 12/03/2005 | 8086440014 |
| 21 | 24778 | FIDHA FATHIMA | 9B | 06/03/2005 | 7034434415 |
| 22 | 24788 | DEVAPRIYA V S | 9A | 02/07/2005 | 9747400119 |
| 23 | 24790 | LUBABA THASNIYA K | 9B | 17/03/2005 | 9526773756 |
| 24 | 24808 | FIZA FAISAL.M.P | 9A | 23/11/2005 | 9497081886 |
| 25 | 24809 | MUHAMMED JIHAD N K | 9B | 20/07/2004 | 9562633358 |
| 26 | 24810 | NITHA SAINAB M S | 9A | 18/05/2005 | 9447218808 |
| 27 | 24880 | MUHAMMED SABITH.K.P | 9C | 10/03/2006 | 7356781844 |
| 28 | 24903 | FATHIMA HIDHA.P.P | 9F | 29/12/2005 | 9947186981 |
| 29 | 24925 | FATHIMA ANAN.N.P | 9B | 10/06/2005 | 9645613611 |
| 30 | 24942 | MUHAMMED RAZAL C P | 9F | 14/03/2006 | 9539488457 |
| 31 | 24972 | MUHAMMED BASIL | 9A | 14/09/2004 | 9539614758 |

കഥ

# വാഗയിലെ രാത്രികൾ



ശോഭന സി പി

എന്നും അഞ്ചു മണിക്കു മുമ്പ് വാഗയിൽ പതാക താഴ്ത്തി ഇരുവിഭാഗം സൈനികരും സല്യൂട്ട് ചെയ്ത് പിരിയുമ്പോഴാണ് അവരവിടെയെത്തുക. കിഴക്കുനിന്നും പടിഞ്ഞാറു നിന്നും അവരെത്തുമ്പോൾ മഞ്ഞിന്റെ നേർത്ത ചാറ്റൽ അവിടെ പൊഴിയാറുണ്ട്.അടുത്തെത്തുന്നതോടെ അവരുടെ വിരൽത്തുമ്പുകൾ ഒന്നാവുന്നത് പതിവു കാഴ്ചയാണ്.പിന്നെയവിടെ ആർക്കും അവരെ കാണാനാവില്ല. അല്ലെങ്കിലും അവരൊരിക്കലും മറ്റുള്ളവരുടെ കണ്ണിൽപ്പെടാറില്ലല്ലോ.രാത്രിയുടെ അന്ത്യയാമത്തിന്റെ അവസാന വിനാഴികയും കൊഴിയുമ്പോൾ സൈനികരുടെ കവാത്ത് വാഗയുടെ മണ്ണിൽ പുളകമണിയിക്കുമ്പോൾ രണ്ട് വിരൽത്തുമ്പുകൾ വേർപിരിഞ്ഞ് കിഴക്കും പടിഞ്ഞാറുമായി നടന്നു പോകും. അപ്പോൾഅതിർത്തിയിലെ അങ്ങോട്ടോ ഇങ്ങോട്ടോ എന്നറിയാതെ നൂറ്റാണ്ടിന്റെ പഴക്കവുമായി നിൽക്കുന്ന വൻമരത്തിനടിയിൽ നീലപ്പൂക്കൾ വീണു കിടപ്പുണ്ടാവും. കാലങ്ങൾക്കോ വിഭജനത്തിനോ പിരിക്കാനാവാത്ത അവരുടെ സാന്നിധ്യം കൊണ്ടാണത്രേ വാഗയുടെ മണ്ണിൽ സൈന്യങ്ങൾ ഏറ്റുമുട്ടാത്തത്. ഒരിക്കലും പൂവിട്ടു കാണാത്ത മരച്ചുവട്ടിലെ നീലപ്പൂക്കൾ അവരെ എന്നും പരസ്പരം കൈനീട്ടിത്തൊടാൻ പ്രേരിപ്പിക്കുമത്രേ.

## കവിത

# അപ്പൂപ്പൻ താടി

സുമിത ശിവാനന്ദൻ



വാക്കുകളിൽ
സ്നേഹമഴ
നിർത്താതെ
പെയ്യുന്നു.

വഴികളിൽ
പൂക്കൾ
സുഗന്ധം
പരത്തുന്നു.

താഴ്‌വരകളിൽ
കാറ്റിലലിഞ്ഞു
ആരോ
പാടുന്നു.

ആകാശങ്ങളിൽ
ആയിരം
നക്ഷത്രങ്ങൾ
വെളിച്ചം
വിതറുന്നു.

ഹൃദയങ്ങൾ
അപ്പൂപ്പൻ താടികളായി
ശൂന്യതയിൽ
പറന്നു
നടക്കുന്നു.

അതെ
ജീവിതം


സംഗീതമാകുന്നു. ഒരിക്കലും നിലയ്ക്കാത്ത

സ്നേഹസംഗീതം !!!

# കവിത

## കാലം

റസാഖ് മലോറം



കാല്യ ലാവണ്യ കതിരുകൾ ഉതിർക്കിടും
ബാല്യകാലം തെളിയുന്നിതോർമ്മയിൽ
അമ്പലപ്പടിത്തോടും വയലിന്റെ
വമ്പുകാട്ടിത്തെളിഞ്ഞിടും പച്ചയും

കൂട്ടുകാരൊത്ത് പന്തലൊരുക്കിയും
കൂട്ടിൽ വെച്ചമ്മ അച്ഛനായ്ത്തീർന്നതും
കപ്പയിതളിന്റെ ഹാരമണിഞ്ഞതും
പ്ലാവിലത്തൊപ്പി പോലീസായ് തീർന്നതും

പാടവും തോടുമൊന്നിച്ച വാസരം
പാഴിലാക്കിടാറില്ലന്നൊരിക്കലും
മാങ്ങ, ചാമ്പക്ക, പേരക്കയങ്ങനെ
മാറിടും കാലമറിയാതെ പോന്നതും

മൺകലത്തിലവലിനായ് വേവുന്ന
നെൻമണി പോലെ ബാല്യം പൊരിഞ്ഞതും
ഉള്ള വേവാത്ത ചക്കക്കുരുവിന്റെ
ഉള്ള ബോംബായി ചീറ്റിത്തെറിച്ചതും

എത്ര സുന്ദരസ്സാന്ദ്രമാം പകലുകൾ
എത്ര നിർഭയ സ്വപ്നമാം രാവുകൾ
ഹന്ത! പോയ് മറഞ്ഞാപൂർവ്വകാലങ്ങൾ
വെന്തു നീറുന്ന യൗവനം ചുറ്റിലും

അമ്പലക്കുന്നുമാകായി വയലുകൾ
ചെന്നിണം പുരണ്ടങ്ങനെ നിൽക്കുന്നു.
ഉള്ള കുന്നുകളൊക്കെയും മാന്തി നാം
ഉള്ള തണ്ണീരിന്നുറവകൾ വറ്റിച്ച

ഊളിയിട്ടിട്ടു തൊട്ടു കളിക്കുവാൻ
എവിടെ കൂട്ടുകാർ? എവിടെന്റെ തോടുകൾ?
വിറ്റുതീർക്കുന്ന പാടവും പുഴകളും
ചുറ്റുമുയരുന്നിതംബരചുംബികൾ

ഒന്നെതിർത്തുരചെയ്യുവാൻ വയ്യാതെ
ഒക്കെയും കണ്ടു നിൽക്കുന്ന മന്നവർ
കാലമോ മാറി ഇപ്പോളവസ്ഥയും
മർത്യനോ ഗതിയറ്റോരവസ്ഥയും

പാഠമൊന്നും പഠിക്കാത്ത കൂട്ടരേ
പാരിതിന്നോ അതല്ലിനി നാളെയോ !?

# അഭിമാന താരങ്ങൾ



**സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഗിറ്റാറിൽ (വെസ്റ്റേൺ) എ ഗ്രേഡ് നേടിയ നീരദ്പർവീൺ.**



**USS സ്കോളർഷിപ്പ് നേടിയ ഹിബ ഹസിൻ**

കഥ

# ബിംബിസാരന്റെ ആല

## സി.പി.എസ്



ആകാശത്തെ വെളിച്ചം അസ്തമിക്കുന്നതും ക്രമേണ കുങ്കുമ നിറമാവുന്നതും നോക്കി ഖിന്നനായി തഥാഗതൻ നടന്നു. ഇനി വരാനിരിക്കുന്ന ഭീതിദമായ ഇരുട്ടിനെക്കുറിച്ചോർക്കുകയായിരുന്നു അയാളപ്പോൾ. തല കുമ്പിട്ട് നടക്കുന്ന തഥാഗതന്റെ കണ്ണുകളിൽ ജന്മാന്തരങ്ങളുടെ ദു:ഖം തളം കെട്ടി. ബിംബിസാരന്റെ കൊട്ടാരത്തിലേക്കു നടക്കുകയായിരുന്നു അയാൾ. ചെന്നായ്ക്കൾക്കു കടിച്ചുകീറാ നെറിഞ്ഞു കൊടുത്ത വെളുത്ത കുഞ്ഞാടിന്റെ കണ്ണിലെ ദൈന്യത്തിന്റെ ഓർമ്മയിൽ അയാൾനീറി.

കൊട്ടാരത്തിലപ്പോൾ ഉത്സവമേളമായിരുന്നു. തഥാഗതന്റെ കണ്ണുകളിൽ അവയൊന്നും പതിച്ചില്ല. എന്നാൽ അട്ടഹാസം പോലുള്ള മേളങ്ങൾ അയാളുടെ ബോധത്തെ വേദനിപ്പിച്ചു. സ്നേഹത്തിന്റെയും ധർമ്മത്തിന്റെയും പേരിലല്ലേ ബിംബി സാരൻ അധികാരമേറ്റത്. എത്ര ശാന്തനും സൗമ്യനുമായിരുന്നു അയാൾ. കസേരയാണോ ബിം ബി സാരനെ ദുഷിപ്പിച്ചത്. ചുറ്റുമുള്ള സഹവർത്തികളാണോ? അയാളുടെ കണ്ണുകൾ കടഞ്ഞു.
ആരും തന്നെ തിരിച്ചറിയുന്നില്ല എന്നത് അത്ഭുതമായിരിക്കുന്നു. വേണ്ട, ബിംബിസാരനെ കാണണ്ട. നാളെ ബലികഴിക്കാനുള്ള ആടുകളെ കാണാം. തഥാഗതൻ നേരെ ആലയിലേക്കു നടന്നു. പഴയ പരിചാരകൻ സോമദത്ത നാണ് വഴി കാണിച്ചു തന്നത്. അയാളുടെ മുഖത്തും മ്ലാനത നിഴച്ചിരുന്നു എന്നത് തഥാഗതൻ ഞെട്ടലോടെ ഓർത്തു.
ആലയുടെ കവാടം കൂറ്റൻ ഇരുമ്പു ഗേറ്റുകൊണ്ട് അടച്ചത് തഥാഗതൻ കണ്ടു. എന്തിനാണ് ഇത്ര വലിയ ഗേറ്റ്? രണ്ടാൾ പൊക്കത്തിലുള്ള കരിങ്കൽ മതിൽ അപ്പോഴാണ് അയാളുടെ ശ്രദ്ധയിൽപ്പെട്ടത്. ആലയ്ക്കായ് ഇത്രയധികം സ്ഥലമെന്തിനാണ്? നോക്കെത്താ ദൂരത്തോളം നീണ്ടു കിടക്കുന്ന മരുപ്രദേശം തഥാഗതനെ തളർത്തി. അവിടവിടയായി കെട്ടിപ്പൊക്കിയ ടാർപോളിൻ ഷീറ്റിനടിയിൽ വേവുന്ന കുരുന്നു മുഖങ്ങൾ കണ്ട് അയാളമ്പരന്നു. അമ്മയുടെ അകിട്ടിൽ നിന്ന് വേർപെടുത്തിയ കുഞ്ഞിന്റെ ചുണ്ടിന്റെ കോണിൽ ഉണങ്ങിയിരിക്കുന്നത് മുലപ്പാലോ നിലവിളിയോ? കണ്ണീരുണങ്ങിയ കുഞ്ഞു മുഖങ്ങൾക്കിടയിൽ മുഖം നഷ്ടപ്പെട്ട് തഥാഗതൻ നിസ്സഹായനായി.

# പുനർജ്ജനി 2019 (ബഷീർ ദിനം)



പൂർവ വിദ്യാർത്ഥി രാജൻ ചെമ്പ്ര ചിത്രരചനയിൽ

ജീവിതത്തിന്റെ കണക്കുകൂട്ടലുകൾക്ക് പ്രകൃതിയുടെ താളം നല്കിയ കഥാപാത്രങ്ങൾ.... വ്യാകരണത്തിന്റെ വേലിക്കെട്ടിനുള്ളിൽ ഒതുങ്ങി നിൽക്കാത്ത ഭാഷ......

മനുഷ്യനേക്കാൾ വളർന്നു നിൽക്കുന്ന മാനവികതയുടെ കയ്യൊപ്പുകൾ....

വിശപ്പിനേക്കാൾ വലിയ ജീവ ശാസ്ത്രമില്ലെന്ന ആത്മാനുഭവങ്ങളുടെ തിരിച്ചറിവ്.....

ജീവിതത്തിന്റെ അരികു ചേർക്കപ്പെട്ടവരിൽപ്പോലും ചേർക്കപ്പെടാതെ പോയ കള്ളനും പോക്കറ്റടിക്കാരനും ജയിൽപ്പുള്ളിയും.....

ചായം തേച്ച കഥകളല്ല ജീവിതയാഥാർത്ഥ്യത്തിന്റെ നിറമില്ലാത്ത ആവിഷകാരം.....

മതത്തിനും പണത്തിനുമപ്പുറത്തുള്ള ജീവന്റ പ്രേമസാധനകൾ......

ഭൂമിയുടെ അവകാശികളാവുന്ന തേളും പഴുതാരയും അട്ടയും .....

കുഞ്ഞിക്കുരുവിയുടെ മുറിവിൽ പോലുംഅലിവിന്റെമരുന്നു വെച്ചു കൊടുക്കുന്ന പാരസ്പര്യത്തിന്റെ കരുതൽ.....

പരിഭാഷകരെ ഇങ്ങോട്ടാകർഷിക്കുന്ന രചനാ കൗശലം.......

വിശേഷണങ്ങളുടെ കള്ളികളിലൊതുക്കാനാവാത്ത ബേപ്പൂർ സുൽത്താന്റെ രചനാ ലോകത്തെ തൊട്ടറിയാനുള്ള നേരിയ പരിശ്രമം...

താമരശ്ശേരി ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ മലയാളവേദി ഒരുക്കിയ പുനർജനി 2019...

അധ്യാപകരും വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും ഒരുമിച്ച് കൈകോർത്തപ്പോൾ എഴുതിച്ചേർത്ത പുതിയ അധ്യായം...
എന്റെ കല എന്റെ കലാലയത്തിന് എന്ന സന്ദേശവുമായി ബ്രഷും പെയിൻറുമായെത്തിയ അവർ വരച്ചു ചേർത്തത് ഒരുമയുടെ മറ്റൊരു പാഠം....
യു പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ നിന്നായി വരയിൽ പങ്കെടുത്ത ഇരുപത്തഞ്ചോളം വിദ്യാർത്ഥികൾ.....
നേതൃത്വം നല്കാനും ഒപ്പം വരയ്ക്കാനുമായ് അധ്യാപകർ....
കലയെ കലാലയത്തിന് സമർപ്പിച്ച പൂർവ്വ വിദ്യാർത്ഥികൾ....
ഒരുമയുടെ വർണ്ണം ചാലിച്ച് അവരൊപ്പിയെടുത്തത് ബഷീർ കഥാപാത്രങ്ങളുടെ അവിസ്മരണീയ ചിത്രങ്ങൾ....
വിശ്വസാഹിത്യകാരന്റെ വർണ്ണചിത്രങ്ങൾ....

പുനർജനിയുടെ അരങ്ങിലും അണിയറയിലും
അധ്യാപകരായ റസാഖ്മലോറം, അബ്ദുൾ മജീദ്, അനിൽ, ശോഭന, സുമിത, ഷീബ എന്നിവർക്കൊപ്പം വിദ്യാർത്ഥികളായ മഹർഷ് ലാൽ, സോന സന്തോഷ്, രാധികഉണ്ണികൃഷ്ണൻ, ഗായത്രി, ഗൗരി പ്രിയ, അമൽക്യഷ്ണ.... നന്ദന ഗോപിക, ഷാഹിന കാസിം അക്ഷയ് കൃഷ്ണ :...
കഥാകാരനെ ഹൃദയത്തോട് ചേർത്ത് വെച്ച രാജൻ ചെമ്പ്ര.....
എല്ലാറ്റിനും സഹായവുമായി ഹെഡ്മിസ്ട്രസും സഹാധ്യാപകരും
പിന്തുണയുമായി PTA യും.


ചിത്രരചനയിൽ പങ്കെടുത്തവർക്ക് ഹെഡ്മിസ്ട്രസ് സർട്ടിഫിക്കറ്റ് നൽകുന്നു

ബഷീർ.....
മലയാളി ജീവിതത്തിന്റെ കാണാപ്പുറങ്ങൾക്ക് മഴവില്ലിന്റെ ചാരുത നല്കിയ മലയാളത്തിന്റെ പ്രിയ കഥാകാരൻ മലയാളികളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു്, കാൽനൂറ്റാണ്ടിനു മുമ്പ് കടന്നു പോയ പ്രിയ കഥാകാരന്റെ ഓർമ്മകൾ ഓരോ മലയാളിയുടെ മനസ്സിലും മായാതെ നിൽക്കും......മണ്ടൻ മുത്തപ്പയും എട്ടു കാലി മമ്മൂഞ്ഞും ആനവാരിയും പൊൻകുരിശും നമുക്കിടയിൽ ജീവിക്കും..... ജീവിതം പഠിപ്പിക്കുന്ന

കണക്കുകൾ നമുക്ക് സമ്മാനിച്ച് കടന്നു പോയ ആ മഹാമനീഷിയുടെ ഓർമ്മകളിൽ ഹൃദയപുഷ്പങ്ങളർപ്പിച്ചു കൊണ്ട്.....


പുനർജനി സമർപ്പിക്കുന്നു



വിദ്യാർത്ഥികൾ വരച്ച ബഷീർ കഥാ പാത്രങ്ങൾ

പുസ്തക പരിചയം

# ആർദ്രമീ ധനുമാസ രാവിൽ



കെ.വി.അബ്ദുൽ മജീദ്

പ്രശസ്ത മലയാള കവി ശ്രീ.എൻ.എൻ. കക്കാടിനെക്കുറിച്ച് ഭാര്യയും എഴുത്തുകാരിയുമായ ശ്രീദേവി കക്കാട് രചിച്ച ഓർമ്മക്കുറിപ്പുകളാണ് ആർദ്രമീ ധനുമാസരാവിൽ എന്ന പുസ്തകം. പാലക്കാട് ജില്ലയിലെ കാറൽമണ്ണയിൽ കീഴേ നരിപ്പറ്റയിലാണ് ശ്രീദേവീ കക്കാടിൻെറ ജനനം. മലയാള കവിതയിൽ ആധുനികതയുടെ വക്താക്കളിൽ പ്രമുഖൻ എന്ന് വിശേഷിപ്പിക്കപ്പെട്ട കവി.എൻ.എൻ കക്കാടിനെ 1955 ഏപ്രിൽ 26 ന് വിവാഹം ചെയ്തു. പത്രപ്രവർത്തകയായും ആകാശവാണി ആർട്ടിസ്റ്റായും ജോലി ചെയ്തു.
ഓർമ്മകളുണ്ടായിരിക്കണം എന്ന് ഓർമ്മിപ്പിച്ച് കൺമുന്നിൽ നിന്ന് മറഞ്ഞു പോയ വ്യക്തിയെക്കുറിച്ചുള്ള ഓർമ്മകൾ കോർത്തെടുക്കണമെന്നുള്ള ആഗ്രഹമാണ് ഈ പുസ്തകം രചിക്കാനുള്ള കാരണമെന്ന് ആമുഖത്തിൽ തന്നെ ശ്രീദേവി കക്കാട് പറയുന്നുണ്ട്. കക്കാടിന്റെ വ്യക്തിത്വം വികസനം പ്രാപിച്ചതിന്റെ ചരിത്രമാണ് ഈ പുസ്തകം. അതു കൊണ്ട് തന്നെ സാഹിത്യ ചരിത്രത്തിൽ ഒരു ഇടം ഈ പുസ്തകത്തിന് ലഭിച്ചിരിക്കുന്നു. ഒരു തലമുറയുടെ സാമൂഹിക ചരിത്രത്തിന്റെ കഥ ഇതിൽ കണ്ടെത്താൻ കഴിയും. മാത്രമല്ല അരനൂറ്റാണ്ട് മുമ്പ് കേരള സംസ്കാരത്തിന്റെ പഴയ നാട്ടിൻ പുറത്തു നിന്ന് നഗരത്തിലേക്കുള്ള പരിവർത്തനം അതിന്റെ വലിയ മുശകളിലൊന്നായ കോഴിക്കോടിന്റെ അന്തരീക്ഷത്തിലൂടെ ഇവിടെ വെളിച്ചം കാണുന്നു
കക്കാടിന്റെ ജനന മരണങ്ങൾക്കിടയിൽ സംഭവിച്ചിട്ടുള്ള ഓരോ നിമിഷവും ശ്രീദേവീ കക്കാട് ഈ കൃതിയിൽ വരച്ചു വച്ചിട്ടുണ്ട്. ഒരു പക്ഷേ കക്കാടിനെക്കുറിച്ച് ആധികാരികമായി അറിയാനുള്ള ഏക പുസ്തകവും ഇതുതന്നെയായിരിക്കും.
മലയാള സാഹിത്യ തറവാട്ടിലെ മിക്ക എഴുത്തുകാരുമായും ഈ സാഹിത്യ ദമ്പതികൾക്ക് അടുപ്പമുണ്ടായിരുന്നു എന്ന് പുസ്തകവായനയിലൂടെ അറിയാൻ സാധിക്കും.
ചെറുപ്പം മുതലേ പല രോഗങ്ങൾക്കും അടിമയായ എൻ.എൻ കക്കാടിന്റെ അവസാന കാലത്തെ ജീവിതാവതരണം ആരെയും വേദനിപ്പിക്കുന്ന ഒന്നു തന്നെയാണ്.

ഭാര്യാഭർതൃബന്ധം പരസ്പരം ഊന്നുവടികളായി എങ്ങനെ കൊണ്ടു പോകാം എന്നതിന് ഈ ദമ്പതികൾ ഉദാഹരണമാണ്.

ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് കക്കാടിന്റെ മരണം വരേ വെളിച്ചം കാണാതെ കിടന്ന ചില രചനകൾ കൊടുത്തിട്ടുണ്ട്. സുന്ദരമായ കവിതകളാണവ.

ഈ പുസതകത്തിന്റെ ഏറ്റവും വലിയ സവിശേഷത ആകെയുള്ള 247 പേജുകളിലായി എൺപതോളം ലേഖനങ്ങളുണ്ട് എന്നതാണ. എല്ലാം കൊച്ചു കൊച്ചു ലേഖനങ്ങൾ . മാത്രവുമല്ല ലളിതമായ അവതരണവും' ഈയൊരു രീതി വായനക്കാരനെ ഏളുപ്പത്തിൽ വായിച്ചു തീർക്കാൻ പ്രേരിപ്പിക്കും എന്നതിൽ തർക്കമില്ല.

മലയാള സാഹിത്യത്തിന് മുതൽക്കൂട്ടായ ഈ കൃതി ഒരു വട്ടമെങ്കിലും വായിക്കുന്നത് നന്നായിരിക്കും എന്ന നിർദ്ദേശത്തോടെ ഈ വായനക്കറിപ്പ് അവസാനിപ്പിക്കുന്നു

2015 ലാണ് ഈ കൃതി ആദ്യമായി പ്രസിദ്ധീകരിച്ചത്

മാതൃഭൂമി ബുക്സ് ആണ് പ്രസാധകർ

വില 250 രൂപ.

# പ്രതിഭകളോടൊപ്പം

നാടകത്തിന് ജീവിതത്തിൽ വലിയ സ്ഥാനമുണ്ടെന്നും റേഡിയോ നാടകങ്ങൾ സാധാരണ ജീവിതത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്നും പ്രശസ്ത നാടകകൃത്ത് ഹുസൈൻ കാരാടി അഭിപ്രായപ്പെട്ടു.

പ്രതിഭകളെത്തേടി വീട്ടുകളിലേക്ക് എന്ന പരിപാടിയിൽ നവം: 14 നാണ് വിദ്യാർത്ഥികൾ ഹുസൈൻ കാരാടിയോടൊപ്പം സമയം ചെലവഴിച്ചത്. താമരശ്ശേരി ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ മീഡിയ ക്ലബ്ബാണ് പരിപാടിക്ക് നേതൃത്വം നല്കിയത്.ഗോപിക ചന്ദ്രൻ, അമൃത ബാബു, സായന്തന, അയിഷ ഫിദ, സോന മോൾ' മുഹമ്മദ് ബാസിൽ എന്നിവരോടൊപ്പം പ്രധാനാധ്യാപകനായ മനോജ് കുമാർ, അധ്യാപകരായ അബ്ദുൾ മജീദ് ,ഷീജ, ശോഭന എന്നിവരും പങ്കെടുത്തു.



വിദ്യാർത്ഥികൾ ഹുസൈൻ കാരാടിയുമായി സംവദിക്കുന്നു.

# പുതിയ ചുവടുവെപ്പുമായ് GVS VOICE



വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ സാധ്യത കണ്ടെത്താനുതകുന്ന പത്ര പ്രവർത്തന മേഖലയിൽ പരിചയമേകുന്ന മീഡിയ ക്ലബ്ബിന് തുടക്കം കുറിച്ചു. ജൂലായ് ഒന്നാം തീയതി സ്കൂൾ ലൈബ്രറിയിൽ ചേർന്ന പ്രഥമ യോഗത്തിൽ സ്റ്റുഡന്റ് കൺവീനറായി ഷാഹിന കാസീമിനെ തിരഞ്ഞെടുത്തു. അധ്യാപകരായ അനിൽ , ശോഭന , അബ്ദുൽ മജീദ് ഷീബ എന്നിവരെ ഗവേണിംഗ് ബോഡിയായി തിരഞ്ഞെടുത്തു. എല്ലാ വെള്ളിയാഴ്ചയും മീഡിയ ക്ലബ്ബ് യോഗം ചേരാൻ തീരുമാനിച്ചു.

## കവിത

## കഥ

### വിസ്മയ സുരേഷ് 9 ഇ



നിന്റെ യോർമ്മകൾ
ഞാൻ തീരുന്നിടം വരേ
മാത്രമാണ്
പിന്നീടത്
വെറും കഥയായ്
മാറുന്നു.
ഞാൻ ഭയവും
നീ വേദനയുമാകുന്നു.
ആഞ്ഞുവീശുന്ന
കാറ്റിനെ നീ
വീശിത്തന്നെ
പിടിക്കണം'
ഹൃദയത്തിലെ
പഴുത്തിലകളെ
പൊഴിക്കണം'
ചിതലുകളെ
നശിപ്പിക്കണം
വേരുകളെ
പിഴുതെറിയണം
സ്വയം നീയൊരു
കഥയാവണം
നാവുകൾക്ക്
വഴങ്ങാത്ത
കണ്ണുകളിൽ
തിളങ്ങുന്ന
ചുവന്ന കഥ
പറയാനാവാത്തതിനെ
വേദനയെന്നല്ല
പ്രണയമെന്നല്ല

സ്വപ്നമെന്നെനിക്ക്
തിരുത്തി വിളിക്കണം

കവിത

# ദളങ്ങൾ പൊഴിഞ്ഞു പോകവെ ....

## ഗോപിക ചന്ദ്രൻ 9 ഇ



പാരിൽ പിറക്കുന്നതെന്തിന് വൃക്ഷമേ നീ
നിൻ യാതനയെല്ലാം കണ്ടു മടുത്തിന്നു ഞാൻ
തൻ പൈതലിന്നു വേണ്ടി നീ സ്വയം നിന്നെ
അർപ്പിച്ചതെന്തേ ഈ ലോകത്തിന്
നിൻ പിഞ്ചു പൈതലിന്റെ ചെറുനൊമ്പരം പോലും
നിന്റെ നെഞ്ചിൽ തറച്ച വില്ലായി മാറ്റി നീ
അവളുടെ ഓരോ കണ്ണുനീരും
നിൻ രക്തത്തുള്ളിയായി മാറി
അവളുടെ പിഞ്ചോമനയിന്നാകാശം
മുട്ടണമെന്നാ കാംക്ഷിപ്പതും
യൗവനം നിന്നാഗ്രഹമെല്ലാം
കണ്ണീർക്കണങ്ങളായ് മാറ്റിയതെന്തേ
ശാഖി .... നിന്റെയോരോ ശിശുവിനു ചുറ്റും
കഴുകൻമാർ ഇന്നും വട്ടമിട്ടു പറക്കുന്നു.
കൊടും ഉഷ്ണത്തിൽ നിന്നും പൊതിഞ്ഞു
സൂക്ഷിച്ച നിൻ പൈതലിനെ
കഴുക ദൃഷ്ടിയിൽ നിന്നും
കഴിയാത്തതെന്തേ നിനക്ക്
നിൻ ശേഷിച്ച ഇതളും കൊഴിഞ്ഞു പോകവേ
തായേ.. കണ്ണീർ പൂണ്ട നിൻ ആനനവും
യൗവന സ്പർശമേറ്റ നിൻ പൈതലും
ഇന്നീ പൂഴിക്കു മുമ്പിൽ കരുണാർദ്രയാകുന്നു.

# കലാസാഹിത്യ വേദി ഉണർന്നു




വിദ്യാരംഗം കലാസാഹിത്യ വേദി കവി വീരാൻകുട്ടി ഉൽഘാടനം ചെയ്യുന്നു

താമരശ്ശേരി ഗവ: വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസത്തോടൊപ്പം കലാ സാഹിത്യ മേഖലയുടെ വികാസമാണ് ഇതിന്റെ ലക്ഷ്യം. പ്രശസ്ത കവി വീരാൻ കുട്ടി മാസ്റ്ററാണ് ഉദ്ഘാടനം ചെയ്തത്. കവിത രചിക്കുമ്പോഴുള്ള തന്റെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് വിദ്യാരംഗം കൂട്ടായ്മയ്ക്ക് ഇദ്ദേഹം വെളിച്ചം പകർന്നു. ഉദ്ഘാടന പരിപാടിയിൽ സ്കൂളിലെ മലയാളാധ്യാപികയും വിദ്യാരംഗം കൺവീനറുമായ ഷീബ ടീച്ചർ സ്വാഗതം പറഞ്ഞു. അധ്യക്ഷ പദവി അലങ്കരിച്ച HM ഉഷ ടീച്ചർ സ്വന്തം കവിത അവതരിപ്പിച്ചു കൊണ്ട് വേദി ധന്യമാക്കി. അധ്യാപകനായ റസാഖ് മലാറം സ്വന്തം കവിതകൾ അവതരിപ്പിച്ചു. വിദ്യാർത്ഥികളുടെ കലാ പരിപാടികൾ ഉദ്ഘാടന ചടങ്ങിന് മിഴിവേകി.

# യാത്ര

## ആത്മാവിനെ തൊട്ട്



### സഫിയ പി.കെ.

യാത്രകൾ എന്നും ലഹരിയാണ്. ഓരോ യാത്രയും പൂർണമാവണമെങ്കിൽ തിരിഞ്ഞു നോക്കുമ്പോൾ അവ എന്തെങ്കിലും നമുക്ക് സമ്മാനിച്ചിരിക്കണം. ക്രിയാത്മകമായ ഒരു ഊർജ്ജം നമ്മിലേക്ക് സന്നിവേശിച്ചിരിക്കണം.

യാത്രകൾ നല്ല പുസ്തകങ്ങൾ പോലെയാണ്. നല്ല സുഹൃദ് ബന്ധങ്ങൾ പോലെയാണ്. ഓരോന്ന് കഴിയുമ്പോഴും ഞാനിവിടെത്തന്നെയുണ്ടെന്ന് നമ്മളെ വരിഞ്ഞു കൊണ്ടേയിരിക്കും. കാലങ്ങൾ കഴിയുമ്പോൾ പിന്നിട്ട യാത്രകൾ നമ്മുടെ പിറകെ വരും നമ്മുടെ അലസ നിമിഷങ്ങളെ അത് സജീവമാക്കം. ചിലപ്പോൾ ഉമത്ത മാക്കും. മറ്റ ചിലപ്പോൾ നമ്മുടെ ആത്മാവിനെ വരെ തഴുകിക്കൊണ്ടേയിരിക്കും.

അജന്ത, എല്ലോറ - സ്കൂൾ ജീവിതത്തിന്റെ ഒഴുക്കിൽ അവ വെറും ഗുഹകൾ മാത്രമായിരുന്നു. കാണാപ്പാഠം ചൊല്ലലിന്റെ ശീലുകളിലേക്ക് വഴിമാറിയ ഗുഹാക്ഷേത്രങ്ങൾ... പിന്നീടെപ്പോഴോ ജീവിതത്തിന്റെ കയറ്റിറക്കങ്ങൾ പിന്നിടുന്ന സഞ്ചാര പാതയിലെവിടെയോ ശിലകൾ കവിതകളെഴുതുന്ന അജന്തയും എല്ലോറയും കാണണമെന്ന മോഹം മനസ്സിലുണ്ടായി. പിന്നെ അമാന്തിച്ചില്ല, യാത്ര തുടങ്ങി.

അജന്ത യാ യി രു ന്നു ആദ്യ ലക്ഷ്യം . മഹാരാഷ്ട്രയിലെ ഔറംഗബാദ് ജില്ലയിലെ അജന്തയിൽ ബി.സി. രണ്ടാം നൂറ്റാണ്ട് മുതൽ എ.ഡി. ഏഴാം നൂറ്റാണ്ട് വരേയുള്ള കാലഘട്ടത്തിൽ പലപ്പോഴായി കരിങ്കല്ലിൽ കൊത്തിയെടുത്ത ഗുഹാക്ഷേത്രങ്ങളാണ് അജന്താ ഗുഹകൾ 1983 മുതൽ യുനസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഞങ്ങൾ പതിമൂന്ന് പേരടങ്ങുന്ന സംഘം ഔറംഗബാദിൽ നിന്നും 107 കി.മീ. അകലെയുള്ള അജന്ത യിലെത്തുമ്പോൾ ഏകദേശം 11 മണി കഴിഞ്ഞിരുന്നു. 29 ഓളം ഗുഹകളാണ് അജന്തയിലുള്ളത്. ഇതിന്റെ നിർമ്മിതിയിൽ ഒരുപാട് പ്രത്യേകതകൾ ഉണ്ട്. വലിയ മലകൾ

വശങ്ങളിൽ നിന്ന് തുരന്നാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ചില ഗുഹകൾ മുകൾഭാഗം പരന്നതാണ്. ഓരോന്നിലും
ബുദ്ധ പ്രതിമയുണ്ട് - വിവിധ രൂപങ്ങളിൽ

ഗുഹയിൽ തറയിലൊഴികെ മറ്റെല്ലായിടത്തും ചിത്രങ്ങൾ രചിക്കപ്പെട്ടിരിക്കുന്നു. ശ്രീബുദ്ധൻെറ ജീവചരിത്രം ശിൽപ കലയായി മാറിയിരിക്കുന്ന വിസ്മയ കാഴ്ചകൾ ഓരോ സഞ്ചാരിയേയും അൽഭുതപ്പെടുത്തുന്നു. അവ നൂറ്റാണ്ടുകൾക്കപ്പുറത്തെ അനന്തമായ ലോകത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. ആ ചരിത്ര വിസ്മയത്തോടു യാത്ര പറയുമ്പോൾ സായാഹ്നമായി. പിറ്റേ ദിവസം എല്ലോറയിലേക്ക്. ഔറംഗബാദിൽ നിന്ന് 30 കി.മീ. അകലെയാണ് എല്ലോറ ഗുഹകൾ . ഇന്ത്യൻ ഗുഹാശിൽപ കലയുടെ ഉത്തമോദാഹരണങ്ങളായ എല്ലോറയും യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുന്നു.

ചരണാദ്രി കുന്നുകളുടെ ചെങ്കുത്തായ ഭാഗം തുരന്ന് നിർമ്മിച്ച ഹിന്ദു -ബുദ്ധ -ജൈന ക്ഷേത്രങ്ങളും വിഹാരങ്ങളുമാണിവിടെ. അജന്താ ഗുഹയിൽ നിന്ന് വ്യത്യസ്തമായി പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന ഗുഹകളാണ് എല്ലോറയിൽ ഏകദേശം 34 ഗുഹകളിൽ മാത്രമേ പ്രവേശനാനുമതിയുള്ളൂ.

എല്ലോറയിലെ എടുത്തു പറയത്തക്കതായ ക്ഷേത്രമാണ് കൈലാസനാഥ ക്ഷേത്രം. ഇത് ഒരു രഥത്തിന്റെ ആകൃതിയിലാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ബുദ്ധക്ഷേത്രവും കൈലാസ ക്ഷേത്രവും കണ്ട് മഹാരാഷ്ട്ര സർക്കാരിന്റെ ബസിലാണ് ജൈന ക്ഷേത്രം കാണാൻ പോയത്. പുരാതന ഭാരതത്തിന്റെ മതസഹിഷ്ണുതയും പൈതൃകവും മഹത്തായ സംസ്കാരവും ജീവിത രീതികളും സമന്വയിപ്പിക്കുന്ന സ്മാരകങ്ങളാണ് ഈ ക്ഷേത്ര സമുച്ചയങ്ങൾ എല്ലാം. ഭാരതീയ ശിൽപ കലയുടെ ഉത്തമോദാഹരണങ്ങളായ അജന്ത - എല്ലോറ ഗുഹകളോട് വിട പറയുമ്പോൾ മനസ്സ് മന്ത്രിച്ചു കൊണ്ടേയിരുന്നു-

"അഹോ നമിക്കുന്നു വിനീതരായ് ഞങ്ങൾ
മഹാവിസ്മയമേ നിനക്ക് മുന്നിലായ്....
ഋതുക്കളൊക്കെയും അലിഞ്ഞു നിന്നിലായ്
കനിഞ്ഞു കാലവും പ്രപഞ്ചമൊക്കെയും
അജയ്യമാമൊരു മനുഷ്യശക്തിയാൽ

അലിഞ്ഞിടുന്നിതെൻ അഹംബോധവുമിവിടെ "

കവിത

# ഓർമ്മ

അഞ്ജന മോഹൻ

മഴത്തുള്ളി വീണ ജനലഴികൾ
ഓർത്തു ഞാനാക്കാലം
ആ തേൻ മിഠായിക്കാലം
വിദ്യാലയത്തിൻ തേന്നൂറും കാലം
ചവർപ്പിൻ പരീക്ഷാക്കാലം
മാമ്പഴച്ചാറിൻ വേനൽക്കാലം
തട്ടിത്തെറിപ്പിച്ച മഴക്കാലം
പൂക്കൾ പറിച്ച ഓണക്കാലം
മാർച്ചിന്റെ വേനലും പരീക്ഷാ വേനലും
അമ്മതൻ കരിമീട്ടിയ ബാല്യം
സ്നേഹ സന്താപത്തിൻകൗമാരം
മുന്തിരിച്ചാറിൻ പ്രണയം മീട്ടിയ യൗവനം
കടന്നു പോയ് ഹാ... കാലം!
വാർദ്ധക്യത്തിൻ സമ്മാനം
ഈ ഓർമ്മകൾ മാത്രം

# വിജയോൽസവം

## ജൈത്രം - 2019

2019- 20 അധ്യയന വർഷത്തെ SSLC വിദ്യാർത്ഥികളുടെ പ 0 ന പുരോഗതിക്കായി രൂപീകരിച്ച പദ്ധതിയാണ് ജൈത്രം 2019. ജില്ലാ പഞ്ചായത്തിന്റെ വിജയോത്സവം പരിപാടിയുമായി സഹകരിച്ചാണ് ജൈത്രം നടപ്പാക്കുന്നത്.മോർണിംഗ് - ഈവനിംഗ് ക്ലാസുകൾ,, വാരാന്ത്യ സായാഹ്നക്ലാസ്, സീരീസ് ടെസ്റ്റുകൾ, മോട്ടിവേഷൻ ക്ലാസുകൾ, ഹെൽപ്പ് ഡസ്ക്, പ്രഭാത ഭക്ഷണം, അതിഥി ക്ലാസുകൾ, സ്റ്റുഡന്റ് ടീച്ചർ ,പാരന്റിംഗ്, പഠന പിന്നോക്കക്കാർക്കുള്ള പ്രത്യേക പരിശീലനം, ഗൃഹസന്ദർശനം, അയൽപക്ക പഠന സദസ്സ്, ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് എന്നിങ്ങനെ വ്യത്യസ്ത പരിപാടികളാണ് ജൈത്രം നടപ്പാക്കുന്നത്.



# ലെങ്കൽ 2019

താമരശ്ശേരി :ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കലോത്സവം ലെങ്കൽ 2019 ന് തുടക്കമായി. സ്കൂൾ പി ടി എ പ്രസിഡന്റ് എം. സുൽഫിക്കർ ഉത്ഘാടനം ചെയ്തു. സ്കൂൾ കലോത്സവങ്ങൾ പുതിയ താരങ്ങളെ സൃഷ്ടിക്കുമെന്നും ആധുനിക സമൂഹത്തിൽ കഴിവുകൾ പ്രകടിപ്പിക്കാൻ ഒരുപാട് അവസരങ്ങൾ ഉണ്ടെന്നും വിദ്യാർത്ഥികൾ അത് ഉപയോഗിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ ബിന്ദു വി ജോർജ് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ മഴവിൽ മനോരമ, കേരള വിഷൻ ഫെയിം സാന്തരാജ് കോഴിക്കോട്, കൈരളി, അമൃത, ഫ്ലവേയ്സ് ഫെയിം ഹസീബ് പൂനൂർ മുഖ്യാഥിതികൾ ആയിരുന്നു. മധുസൂദനൻ വി എച് എസ് ഇ പ്രിൻസിപ്പൽ, മുഹമ്മദ് ബഷീർ പി ടി ഹെഡ് മാസ്റ്റർ, പി എം അബ്ദുൽ മജീദ് പി ടി എ വൈസ് പ്രസിഡന്റ്, എം ടി അബ്ദുൽ അസീസ്, വിനോദ് കുമാർ കെ, ലതിക, ഇഖ്ബാൽ പൂക്കോട്, സ്കൂൾ ചെയർമാൻ ഉദയ് രമേശ്, ജോയിന്റ് സെക്രട്ടറി നിയ ഫാത്തിമ, ലീഡർ നന്ദന,അബ്ദുൽ അസീസ് എ. കെ,ഷീന പി പി, ലൈജു തോമസ്, ശോഭന സി. പി, അബ്ദുൽ മജീദ് കെ വി, കലോത്സവ കമ്മിറ്റി ജനറൽ കൺവീനർ ആർ. കെ ഷാഫി സ്വാഗതവും പ്രോഗ്രാം കമ്മിറ്റി കൺവീനർ രഹന നന്ദിയും പറഞ്ഞു.




മുഖ്യാതിഥി സാന്തരാജ് കലാപരിപാടി ഉൽഘാടനം ചെയ്യുന്നു.



ഹസീബ് പൂനൂരിന് ഡപ്യൂട്ടി എച്ച് എം ബഷീർ മാസ്റ്റർ ഉപഹാരം നൽകുന്നു.

# ലിറ്റിൽ കൈറ്റ്സ്

സംസ്ഥാനമൊട്ടാകെ ഹൈ ടെക് വിദ്യാലയങ്ങൾ യാഥാർത്ഥ്യമായതോടെ ക്ലാസ് മുറികളിലെ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും സംരക്ഷിക്കാനും റിപ്പയർ ചെയ്യാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കേണ്ടത് അനിവാര്യമായി .ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ്ബ് ഇത്തരത്തിലാണ് രൂപീകരിക്കപ്പെട്ടത്.

സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ക്ലബ്ബാണിത്. എട്ടാം ക്ലാസിൽ നിന്നും പ്രത്യേക ടെസ്റ്റ് നടത്തിയാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. എട്ടാം ക്ലാസിലെ ത്രിദിന ക്യാമ്പിലൂടെ അടിസ്ഥാന വിവരങ്ങൾ അറിയുന്ന അംഗങ്ങൾക്ക് ഒമ്പതിലെത്തുന്നതോടെ എല്ലാ ബുധനാഴ്ചയും ഒരു മണിക്കൂർ പരിശീലനം ലഭിക്കുന്നു. ഗ്രാഫിക്സ് &ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ് & ഇന്റർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്, പൈത്തൺ & ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, ഹാർഡ് വെയർ എന്നീ മേഖലകളിൽ പരിശീലനം നൽകുന്ന ലിറ്റിൽ കൈറ്റ്സ്.



2019-21 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# മാമു മാസ്റ്റർ എൻഡോവ്മെൻറ് വിതരണം ചെയ്തു

എസ്.എസ്.എൽ.സി.പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്കുള്ള മാമുമാസ്റ്റർ സ്മാരക എൻഡോവ്മെൻറ് വിതരണം നടത്തി. താമരശ്ശേരി കോ-ഓർപ്പറേറ്റീവ് അർബൻ ബാങ്കാണ് മാമുമാസ്റ്ററുടെ പേരിലുള്ള എൻഡോവ്മെന്റ് നൽകുന്നത്. ഫാത്തിമ ഹന, അർജ്ജുൻ കൃഷ്ണ എന്നീ വിദ്യാർത്ഥികളാണ് അവാർഡ് ഏറ്റുവാങ്ങിയത്. ബാങ്ക് പരിധിയിലുള്ള നാല് സ്കൂളുകൾക്കാണ് എൻഡോവ്മെന്റ് നൽകുന്നത്.


മുൻ എം.എൽ.എ വി.എം ഉമ്മർ മാസ്റ്റർ ചടങ്ങ് ഉദ്ഘാടനം ചെയ്തു.ബാങ്ക് പ്രസിഡണ്ട് അഷ്റഫ് കോരങ്ങാട്, എ.അരവിന്ദൻ, നിയാസ് ഇല്ലിപ്പറമ്പിൽ, ഷാജു ജോസഫ്, സ്കൂൾ ഹെഡ്മാസ്റ്റർ മനോജ് കുമാർ, പി ടി മുഹമ്മദ് ബഷീർ, അബ്ദുൾ മജീദ്.കെ.വി, പി.എം അബ്ദുൾ മജീദ്, ഇഖ്ബാൽ പൂക്കോട് എന്നിവർ സംസാരിച്ചു.



മാമു മാസ്റ്റർ എൻഡോവ്മെൻറ് മുൻ എം എൽ എ ഉമ്മർ മാസ്റ്റർ വിതരണം ചെയ്യുന്നു.

# സ്കൂൾ ശാസ്ത്രമേള 2019

2019 -20 അധ്യയന വർഷത്തെ സ്കൂൾ ശാസത്ര - ഗണിത ശാസ്ത്ര-സാമൂഹ്യ ശാസത്ര - ഐ ടി - പ്രവൃത്തി പരിചയ - ഭാഷാ മേള. മാസത്തിൽ നടന്നു.വിദ്യാർത്ഥികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ മേള ബഹു: കൊടുവള്ളി MLA കാരാട്ട് റസാഖ് ഉദ്ഘാടനം ചെയ്തു. സബ് ജില്ലാ - ജില്ലാ മേളകൾക്ക് വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിന് സ്കൂൾ മേളകൾ സഹായകമാവുന്നു. മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നൽകി. ഹെഡ്മാസ്റ്റർ - ഇൻചാർജ് മുഹമ്മദ് ബഷീർ പി.ടി., വിനോദ് കുമാർ, കൺവീനർ ഷീജ അബ്രഹാം സംസാരിച്ചു.



# സമ്പൂർണ്ണ വായനയുമായി GVHSS താമരശ്ശേരി


ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പി. എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 താമരശ്ശേരി സ്കൂളിലെ വിദ്യാർഥികളും അധ്യാപകരും സമ്പൂർണ്ണ വായനാദിനമായ് ആചരിച്ചു. ഒരു ദിവസം ഒരു പുസ്തകം എന്ന മുദ്രാവാക്യവുമായി അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ചിരുന്ന് പുസ്തകങ്ങൾ വായിച്ചു. വായനക്കൂട്ടം മലയാളവേദിയുടെയും വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും ആഭിമുഖ്യത്തിൽ സാദരം-19 വായനാദിന പ്രത്യേക പരിപാടി നടന്നു. എഴുത്തുകാരുടെ ചിത്രവും വിവരണവും ഉൾപ്പെട്ട ചാർട്ട് പ്രദർശനവും മൽസരവും ഇതോടൊപ്പം നടന്നു. ഒന്നാം സ്ഥാനം നേടിയ ക്ലാസ്സിന് വിദ്യാരംഗം ഉദ്ഘാടന വേദിയിൽ സമ്മാനം നല്കി.



## കവിത

# രാത്രി...

വിൻസി എടാട്ട്



രാത്രി...
സുന്ദര സുരഭിലയാം രാത്രി..
നിശാഗന്ധിതൻ
സുഗന്ധപൂരിതമാം രാത്രി..
സ്വപ്നങ്ങളുടെ താഴ്‌വാരമാം രാത്രി..
നഷ്ടസ്വപ്നങ്ങളും
ഇഷ്ടസ്വപ്നങ്ങളും
ഇണചേരുന്ന രാത്രി...
ഈ യാമം..
അവസാനമില്ലാത്ത യാമം..
പകലിന്റെ ചൂടേൽക്കാൻ...
ആവതില്ല മർത്യന്..
രാത്രിയുടെ ശീതളിമ സുഖകരം..



ലിറ്റിൽ കൈറ്റ്സ് 2019-21 ബാച്ച്



ലിറ്റിൽ കൈറ്റ്സ് 2018-20 ബാച്ച്